# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## നാളെയുടെ മാത്രമല്ല ഇന്നിന്റെയും പ്രതീക്ഷയാണ് യുവാക്കൾ



ലോകമെമ്പാടും ശുഭപ്രതീക്ഷയും സന്തോഷവും എത്തിക്കുന്നതിനുള്ള ഉത്തരവാദി ത്തവും കടമയും എല്ലാ യുവാക്കൾക്കുമുണ്ട്. അതിനാൽ അവർ നിദ്രയിലായിരിക്കേണ്ട വരല്ലെന്ന് ഫ്രാൻസിസ്പാപ്പാ പറയുന്നു. ഏഷ്യൻ യൂത്ത് ഡേ ദിനാഘോഷങ്ങ ളുടെ സമാപനദിവസത്തിൽ 23 രാജ്യങ്ങളിൽനിന്നായി എത്തിച്ചേർന്ന അമ്പതിനായിരം യുവാ ക്കളോട് സംസാരിക്കുകയായിരുന്നു പാപ്പാ. അർപ്പണബോധമുള്ള യുവാക്കൾക്ക് സഭ യുടെ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുമെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

ആറാമത് ഏഷ്യൻ യൂത്ത് ഡേയുടെ മുദ്രാവാക്യം"ഏഷ്യൻ യുവാക്കളെ ! ഉണരൂ! രക്തസാക്ഷികളുടെ മഹത്വം നിങ്ങളിലാകുന്നു!"എന്നാണ്. 'ഈ മുദ്രാവാക്യത്തിലെ ഓരോ വാക്കും പ്രതിനിധീകരിക്കുന്നത് യുവാക്കളുടെ ഉത്തരവാദിത്തങ്ങളെയും കടമക ളേയുമാണ്. ഏഷ്യാഭൂഖണ്ഡത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുമാണ് നിങ്ങളെല്ലാവരും എത്തിയിരിക്കുന്നത്. മതപരവും സാംസ്കാരികവുമായ വളരെ സമ്പന്നമായ ഒരു പാരമ്പ ര്യമാണ് ഏഷ്യയ്ക്കുള്ളത്. ഇവിടുത്തെ യുവാക്കൾ മഹത്തായ ഒരു സംസ്കാരത്തിന്റെ മക്കളാണ്. സമൂഹത്തിലുടനീളം സുവിശേഷം എത്തിക്കാനുള്ള ഉത്തരവാദിത്തം നിങ്ങ ൾക്കുണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു.

യുവാക്കളിലുണ്ടാകേണ്ട നന്മയെയും ശുഭപ്രതീക്ഷയെയും ഉത്സാഹത്തെയും പാപ്പാ ഉയർത്തിക്കാട്ടി. രണ്ടാമത്തെ വാക്ക് ലക്ഷ്യമിടുന്നത് യുവത്വം എന്നത് ലോക ത്തിനുവേണ്ടി ദൈവം നൽകിയ സമ്മാനമായി കരുതി യുവാക്കൾ പ്രവർത്തിക്കണം എന്നതാണ്. ദൈവം തങ്ങളെ വിളിച്ചിരിക്കുന്ന മേഖലകളിൽ ഉത്തരം നൽകാൻ യുവാ ക്കൾക്കു കഴിയണം. ഭാവിയുടെ മാത്രമല്ല വർത്തമാനകാലത്തിന്റെയും പ്രതീക്ഷയാണ് യുവജനങ്ങൾ. ക്രൈസ്തവജീവിതത്തിൽ യുവാക്കൾ നേരിടേണ്ടി വരുന്ന എല്ലാവെല്ലു വിളികളിലും ദൈവത്തിന്റെ സഹായമാണ് അഭ്യർത്ഥിക്കേണ്ടത്. അവിടുന്ന് തീർച്ചയാ യും അതിന് ഉത്തരം നൽകും.

സമ്മർദ്ദങ്ങൾക്കോ നിർബന്ധത്തിനോ വഴങ്ങിയാകരുത് യുവാക്കൾ പ്രവർത്തി ക്കേണ്ടത്. പരിശുദ്ധ ദൈവമാതാവ് മാതൃസഹജമായ കരുണയും സ്നേഹവും അനുഗ്ര ഹവും യുവാക്കൾക്ക് നൽകട്ടെയെന്ന് ആശംസിച്ചാണ് ഫ്രാൻസിസ് പാപ്പാ തന്റെ കുർ ബാനപ്രസംഗം അവസാനിപ്പിച്ചത്.